പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 679** 13-01-2021-ൽ മറുപടിക്ക്

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ടി. എ. അഹമ്മദ് കബീർ<br>ശ്രീ. പി കെ അബ്ദു റബ്ബ്<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. സി. മമ്മൂട്ടി | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും, വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | വിനോദസഞ്ചാരമേഖലയിൽ പ്രാദേശിക ജനകീയപങ്കാളിത്തം ഉറപ്പാക്കുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സംസ്ഥാനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; | (എ) | ഏർപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളുടെ മാതൃകയിൽ മധ്യപ്രദേശിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ മധ്യപ്രദേശ് ടൂറിസം ബോർഡുമായി കേരള ടൂറിസം കരാർ ഒപ്പിട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ കരാറിലൂടെ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ മറ്റു സംസ്ഥാനങ്ങൾ മാതൃക ആക്കുന്നു എന്നുള്ളത് കേരള സംസ്ഥാനത്തിനും, ടൂറിസം വകുപ്പിനും, ഉത്തരവാദിത്ത ടൂറിസം മിഷനും അഭിമാനകരമായ നേട്ടമാണ്. മറ്റൊരു സംസ്ഥാനം അവരുടെ നാട്ടിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കേരളത്തിന്റെ സഹായം സ്വീകരിക്കുക വഴി, കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് രാജ്യവ്യാപകമായി കൂടുതൽ ശ്രദ്ധ കൈവരികയും, നമ്മുടെ സംസ്ഥാനത്തിന് ടൂറിസം രംഗത്ത് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുകയും ചെയ്യും. ഇതു |

| | | | |
|---|---|---|---|
| | | | രാജ്യത്തുടനീളമുള്ള വിനോദസഞ്ചാരികളെ, പ്രത്യേകിച്ച് മധ്യപ്രദേശിൽ നിന്നുള്ളവരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും സഹായകരമായിരിക്കും. മധ്യപ്രദേശ് മാതൃക പിന്തുടർന്ന് കൂടുതൽ സംസ്ഥാനങ്ങൾ ഈ രംഗത്ത് കേരളവുമായി സഹകരണത്തിനായി മുന്നോട്ടു വരുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ